## നിയമനിർമ്മാണം

### (2) 2012-ലെ കോൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ തൊഴിലാളികളുടെയും തൊഴിലാളി യൂണിയനുകളുടേയും മറ്റെല്ലാ വരുടേയും ദീർഘകാലമായുള്ള ഒരു ആവശ്യമാണ് ചരിത്രപ്രാധാന്യമുള്ള, ഒരു ചരിത്ര സ്മാരകമാക്കാവുന്നത്ര പ്രാധാന്യമുള്ള കോമൺവെൽത്ത് ട്രസ്റ്റിന്റെ ബിൽഡിംഗും അതിനോടനുബന്ധിച്ച സ്ഥലവും ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ളത്. എല്ലാവർക്കും സ്വീകാര്യമായ, യോജിപ്പുള്ള ഒരു കാര്യമാണ് ഇത്. കുറഞ്ഞ സമയം കൊണ്ട് ഇത്

Uncorrected / Not for Publication

പാസ്സാക്കാമെന്ന് കക്ഷിനേതാക്കന്മാരുടെ യോഗത്തിൽ ഒരു ധാരണ യുണ്ടായതാണ്. അതുകൊണ്ട് അധികസമയം എടുക്കാതെ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ജർമ്മനിയുടേതായിരുന്ന കോമൺവെൽത്ത് ട്രസ്റ്റ് ഒന്നാം ലോകമഹാ യുദ്ധം കഴിഞ്ഞപ്പോൾ ഇൻഡ്യ ഭരിച്ചിരുന്ന യു.കെ.(ബ്രിട്ടൻ) വാർ പ്രോപ്പർട്ടിയായി ഏറ്റെടുത്തു. അന്നുമുതൽ ഇത് ഒരു ഫാക്ടറിയായി പ്രവർത്തിച്ചുവരുന്നതാണ്. പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചു. ഫാക്ടറിയുടെ പ്രവർത്തനം നിലച്ചപ്പോൾ തൊഴിലാളികളെല്ലാം പ്രശ്ന ത്തിലായി, ട്രേഡ് യൂണിയൻ പ്രക്ഷോഭമുണ്ടാക്കി. ഇതു സംബന്ധിച്ച് ധാരാളം ചർച്ചകൾ നടത്തുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസ് കൊണ്ടുവരികയും പ്രസിഡന്റിന്റെ അംഗീകാര ത്തിനായി അയയ്ക്കുകയും ചെയ്തു. ഇലക്ഷൻ പ്രഖ്യാപിച്ചിരുന്നതി നാൽ പ്രസിഡന്റ് അതിന് അംഗീകാരം കൊടുക്കാതെ മടക്കി അയച്ചു. ഇതുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ള ഒരു ചുവടുവയ്പാണ് ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്നത്. മാനാഞ്ചിറയിലെ അതിമനോ ഹരമായ കെട്ടിടവും അതിനോടനുബന്ധിച്ചുള്ള സ്ഥലവും ഉൾപ്പെടുന്ന പുരാവസ്തുവും അവിടത്തെ ജീവനക്കാരേയും സർക്കാർ ഏറ്റെടുത്ത് സംരക്ഷിച്ച് അതിനെ സംസ്ഥാനത്തിന്റെ പ്രോപ്പർട്ടിയാക്കുന്നതിനുവേണ്ടി യുള്ളതാണ് ഈ ബിൽ. ഈ ബിൽ വലിയ ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും പാസ്സാക്കിത്തരികയും വേണം. ഇക്കാര്യ ത്തിൽ എല്ലാവർക്കും യോജിപ്പുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെ പറയു ന്നത്.

മി. സ്പീക്കർ: പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന് കീഴിലുള്ള ഈ സ്ഥാപനം ചരിത്രപരമായി നമുക്ക് കിട്ടിയ ഏറ്റവും വലിയ പൈതൃക സമ്പത്തുകളിൽ ഒന്നാണ്. കോഴിക്കോട് നഗരത്തിൽ ചരിത്രാവശിഷ്ടമായി മാനാഞ്ചിറയിൽ സ്ഥിതി ചെയ്യുന്ന ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറിയാണ് കോമൺവെൽത്ത് ട്രസ്റ്റ് വീവിംഗ് ഫാക്ടറി. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ജർമ്മൻ ആസ്ഥാനമായ ഇവാഞ്ചലിക്ക് മിഷൻ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച ഈ സ്ഥാപനം ഒന്നാം ലോക മഹായുദ്ധത്തിലെ വിജയത്തെത്തുടർന്ന് വാർ പ്രോപ്പർട്ടിയായി ബ്രിട്ടീഷ് ഗവൺമെന്റ് ഏറ്റെടുക്കുകയും ലണ്ടൻ ആസ്ഥാനമാക്കി കോമൺവെൽത്ത് ട്രസ്റ്റ് ലിമിറ്റഡ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതുമാണ്. 1977-ൽ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ ആക്ട് അനുസരിച്ച് ഈ കമ്പനി കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡ് എന്ന പേരിൽ ആക്കുകയുണ്ടായി. ഇതോടൊപ്പം ഈ സ്ഥാപനത്തിന്റെ സ്ഥാവര-ജംഗമ സ്വത്തുക്കളെല്ലാം ഈ ട്രസ്റ്റിൽ പൂർണ്ണമായി സംയോജിപ്പിക്കുന്ന സമീപനം സ്വീകരിച്ചു. 1977 മുതൽ കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത് ട്രേഡ് യൂണിയൻ നേതാക്കന്മാർ ഉൾപ്പെടെയുള്ള ഒരു ഭരണസമിതിയാണ്. മാനാഞ്ചിറയിൽ സ്ഥിതി ചെയ്യുന്ന ഈ പുരാതന വീവിംഗ് ഫാക്ടറി കഴിഞ്ഞ ഒരു വർഷക്കാലമായി തൊഴിൽ

തർക്കത്തെ തുടർന്ന് പ്രവർത്തനരഹിതമാണ്. ജില്ലാ കളക്ടറുടെ നേതൃത്വ ത്തിൽ പലതലങ്ങളിലായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇത് ഗവൺമെന്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ചില ധാരണകളു ണ്ടായത്. കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ ഹെറിറ്റേജുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഹെറിറ്റേജാണിത്. എനിക്ക് ബഹുമാനപ്പെട്ട വ്യ വസായ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ഒരു നിയമം കൊണ്ടുവന്ന് ഗവൺമെന്റ് ഏറ്റെടുക്കുന്നതോടുകൂടി പഴയ മലബാറിന്റെ അഭിമാനമായി കോഴിക്കോട്ട് മാനാഞ്ചിറയിലെ ഈ സ്ഥാപനം മാറും. അതുകൊണ്ട് ഒരു ഹെറിറ്റേജ് മാർക്കബിൾ പ്ലേയ്സാക്കി ഇതിനെ മാറ്റണം. ഒരു ഹെറിറ്റേജ് സങ്കൽപ്പത്തോടുകൂടിത്തന്നെ അതിനെ നിലനിറുത്തുകയും വേണം. മാനാഞ്ചിറയിൽനിന്ന് നോക്കുമ്പോൾ കാണാവുന്ന ഈ സൗന്ദര്യം ഒരു പക്ഷേ ലോകത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട നിർമ്മാണപ്രവർത്തന സങ്കൽപ്പങ്ങളിൽ ഒന്നായിരിക്കും. അതുകൊണ്ട് ലോക ടൂറിസ്റ്റ് ഭൂപട ത്തിൽപ്പോലും സ്ഥാനം പിടിക്കാവുന്ന രീതിയിൽ ഒരു ഹെറിറ്റേജ് ഹാൻഡ്ലൂം മ്യൂസിയം ഇതിനകത്ത് കൊണ്ടുവരാൻ വേണ്ടി ശ്രമിക്കണം. അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 50 സെന്റ് സ്ഥലം ഇതിൽനിന്നും വിൽക്കപ്പെട്ടതായി മാധ്യമങ്ങളിലൊക്കെ കാണാനിടയായി. ആ സ്ഥലമടക്കം പൂർണ്ണമായും ഇതിന്റെ കൈവശമുള്ള സ്വത്ത് മുഴുവൻ ഏറ്റെടുക്കണം. ഇത്തരത്തിൽ കേരളത്തിൽ സർക്കാരിന്റെ അധീനതയിൽ വരേണ്ട നിരവധി സംരംഭങ്ങളുണ്ട്. ഹെറിറ്റേജ് മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന്റെ കീഴിലും ടൂറിസം വകുപ്പിന്റെ കീഴിലും പുരാ വസ്തു വകുപ്പിന്റെ കീഴിലും വരേണ്ടതായ ഇത്തരത്തിലുള്ള ചില സ്ഥാപ നങ്ങളും സ്ഥലങ്ങളും ഇനിയുമുണ്ട്. അതുപോലെ സർക്കാരിൽ നിക്ഷി പ്തമാകേണ്ട നിരവധി ഭൂമികളുമുണ്ട്. ആ ഭൂമിയൊക്കെ സർക്കാരി ലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് നിയമം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു തുടക്കം കൂടിയായി ഇതിനെ കാണണം. നമുക്ക് റവന്യൂ പുറംപോക്ക് ഭൂമികളുണ്ട്, പാട്ടക്കരാർ കഴിഞ്ഞ ഭൂമികളുണ്ട്, പാട്ടക്കരാർ ലംഘിച്ച ഭൂമി

കളുമുണ്ട്.  അതുപോലെതന്നെ സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി കൊടുത്ത പലഭൂമികളുമുണ്ട്. ആ ഭൂമികളൊക്കെ ലാന്റ് ബാങ്കിലേയ്ക്ക് കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കപ്പെടണം. സ്വകാര്യ സംരഭകർക്ക് കൊടുത്ത ഭൂമികളും സ്ഥാപനങ്ങളുമുണ്ട്, ചില സ്വകാര്യ സംരംഭകർ കൈവശപ്പെടുത്തിയിട്ടുള്ളതുമുണ്ട്. സർക്കാർ ചില കരാറുകളും നിബന്ധനകളും വച്ചിട്ടാണ് സ്വകാര്യ സംരംഭകർക്ക് കൊടുത്തത്. അങ്ങനെയുള്ള നിബന്ധനകൾ ലംഘിക്കപ്പെട്ടിട്ടുള്ള, സ്വകാര്യ സംരംഭകരുടെ കയ്യിലുള്ള ഭൂമിയും സ്ഥാപനങ്ങളും കൂടി ഗവൺമെന്റിലേയ്ക്ക് തിരിച്ചുപിടിക്കുവാൻ വേണ്ടിയുള്ള നടപടി കൂടി സ്വീകരിക്കണമെന്ന് താല്പര്യപ്പെടുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, പാട്ടമായി കൊടുത്തതും അല്ലാതെ ഏതെങ്കിലുമൊരു സ്പെഷ്യൽ പർപ്പസിനുവേണ്ടി ഗവൺമെന്റ് അക്വയർ ചെയ്ത് കൊടുത്തതുമായ ലക്ഷക്കണക്കിന് ഏക്കർ ഭൂമി സ്വകാര്യ കമ്പനികളുടെയും സ്വകാര്യ ഗ്രൂപ്പുകളുടെയും കൈവശമുണ്ട്. ഇതിൽ പാട്ടക്കരാറിന്റെ കാലാവധി തീർന്നത് തിരിച്ചുപിടിക്കണം. കാരാർ കഴിഞ്ഞിട്ടില്ലെങ്കിലും പാട്ടനിബന്ധനകൾ ലംഘിച്ച് കീഴ്പാട്ടത്തിന് കൊടുത്തും പാട്ടഭൂമിയിൽ നിന്നും മരംമുറിച്ചുവിറ്റും ഈ ഭൂമിതന്നെ മറിച്ചുവിറ്റും പാട്ടനിബന്ധനകൾ ലംഘിക്കുന്ന സ്ഥാപനങ്ങളുണ്ട്.  ഇത്തരം ഭൂമികളെല്ലാം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടണം. സ്പെഷ്യൽ പർപ്പസിനുവേണ്ടി സർക്കാർ അക്വയർ ചെയ്തുകൊടുത്ത ഭൂമി അതിനുവേണ്ടി ഉപയോഗിക്കാതെ ധാരാളം സ്ഥലങ്ങളിൽ വെറുതെ കിടക്കുന്നുണ്ട്. ഇത്തരം ഭൂമിയെല്ലാം തിരിച്ചുപിടിച്ചാൽ വ്യവസായ വകുപ്പിന് എമർജിംഗ് കേരള പോലുള്ള വലിയ സംരംഭങ്ങൾ തുടങ്ങുന്നതിനും അതുപോലെ ഭൂരഹിതരായ ആളുകളുടെ പ്രശ്നത്തിനുമൊക്കെ പരിഹാരം കാണാൻ കഴിയുമെന്നല്ലേ അങ്ങ് അഭിപ്രായപ്പെടുന്നത്?

ശ്രീ. ടി. എൻ. പ്രതാപൻ : തീർച്ചയായും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾ ഈ ബില്ല് കൊണ്ടുവരുന്നതിലൂടെ വലിയ ആർജ്ജവമാണ് കാണിച്ചിട്ടുള്ളത്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമൊക്കെ കൊടുത്തിരിക്കുന്ന സർക്കാർ ഭൂമികളിൽ പലതും കാലാവധി കഴിഞ്ഞതും കരാറുകൾ ലംഘിച്ചതും ചിലത് കരാറുകളിൽ പറഞ്ഞതിന് വ്യത്യസ്തമായി പരിവർത്തനം നടത്തിയതുമാണ്. അവയെല്ലാം നിർബന്ധമായും തിരിച്ചുപിടിക്കണം. എമർജിംഗ് കേരള നമുക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ്. എമർജിംഗ് കേരളയിൽ ഇൻവസ്റ്റ് ചെയ്യാൻ നിരവധി ആളുകൾ വരുന്നുണ്ട്. അവർക്ക് അത്തരം സ്ഥലങ്ങൾ കൊടുക്കപ്പെടണം. നമ്മുടെ വനഭൂമിയുൾപ്പെടെ, വനത്തിനകത്തുപോലും ചില ആളുകൾ വനഭൂമി കൈവശപ്പെടുത്താൻ വേണ്ടി ശ്രമിക്കുകയാണ്. പാട്ടക്കരാർ ലംഘിച്ചതും പാട്ടക്കരാർ കാലാവധി കഴിഞ്ഞതുമായ വനഭൂമി ഉൾപ്പെടെയുള്ളവ, നെല്ലിയാമ്പതിയിലെ വനഭൂമിയുൾപ്പെടെയുള്ളവ സർക്കാർ ഉടമസ്ഥതയിൽ നിലനിറുത്തുവാൻ വേണ്ടിയുള്ള ഒരു തുടക്കമായി ഇതിനെ നമുക്ക് കണ്ടേ മതിയാകൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ : ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ നെല്ലിയാമ്പതി ഭൂമിയുടെ കാര്യം പറഞ്ഞു. അതിനുമുമ്പ് ശ്രീ. വി. ഡി. സതീശൻ അന്യാധീനപ്പെട്ട ഭൂമി, പാട്ടക്കരാർ ലംഘിച്ച ഭൂമിയെല്ലാം തിരിച്ചുപിടിക്കണമെന്ന് പറയുകയുണ്ടായി. അങ്ങ് ഇതിനെക്കുറിച്ച് ഈ നിയമസഭയിൽ അഭിപ്രായം പറയണമെന്നുള്ളതുകൊണ്ട് ചോദിക്കുകയാണ്. തിരുവനന്തപുരം ഗോൾഫ് ക്ലബ് ഏറ്റെടുക്കുവാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ഗോൾഫ് ക്ലബ് ഏറ്റെടുത്ത നടപടി ശരിയാണെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ശ്രീ. പി. സി. ജോർജും അംഗമായിട്ടുള്ള കമ്മിറ്റികൾ അത് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുകയുണ്ടായി. ഹൈക്കോടതി വിധി നിലനിൽക്കുമ്പോൾത്തന്നെ ഇത്

വീണ്ടും സ്വകാര്യ വ്യക്തികൾക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? അങ്ങ് പറയുന്ന കാര്യത്തിൽ സത്യസന്ധതയുണ്ടെങ്കിൽ എന്റെ ചോദ്യത്തിന് മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : എന്റെ സ്നേഹിതാ, അതിനെക്കാളും വളരെ പ്രധാനപ്പെട്ടതല്ലേ നെല്ലിയാമ്പതിയിലെ ഭൂമിയും നമ്മുടെ വനഭൂമികളുമൊക്കെ. നമ്മുടെ വനഭൂമിപോലും ആളുകൾ കൈവശപ്പെടുത്തി അവിടെ എസ്റ്റേറ്റുകൾ ഉണ്ടാക്കാൻ ശ്രമിക്കുന്നു. വനഭൂമിയെല്ലാം ഗവൺമെന്റ് ഉടമസ്ഥതയിൽ തന്നെ നിലനിറുത്തണം. നേരത്തെ ഗവൺമെന്റ് പൊതുഭൂമികൾ കൊടുത്തതിന് ചില പർപ്പസുണ്ട്. അതാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആ പൊതു പർപ്പസ് ലംഘിച്ച് അവർ ഭൂമി കൈവശപ്പെടുത്തിവച്ചിരിക്കുകയാണ്. പൊതു പർപ്പസ് ലംഘിച്ച് കൈവശപ്പെടുത്തിയ ഭൂമിയുൾപ്പെടെയുള്ള സ്വത്തുക്കളെല്ലാം സർക്കാരിന്റെ പൊതുസ്വത്തുക്കളാക്കി മാറ്റപ്പെടണം. അങ്ങനെ മാറ്റപ്പെടുന്നതിനുവേണ്ടിയുള്ള ഒരു ഇച്ഛാശക്തിക്ക് അതിനുവേണ്ടിയുള്ള ധീരതയ്ക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ നിയമത്തിലൂടെ തുടക്കം കുറിക്കുകതന്നെ വേണം. ഗോൾഫ് ക്ലബ്ബിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ നിലപാട് ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്.. അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. സർക്കാരിന്റെ കയ്യിൽ നിൽക്കുന്നതോടൊപ്പം തന്നെ അതിന്റെ പേരിൽ സർക്കാരിന് അധിക ബാധ്യത വരുത്തിവയ്ക്കുന്ന കാര്യത്തിൽ ഒരു ആലോചന വേണമെന്ന് മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞത് നമുക്ക് പൂർണ്ണമായും വിശ്വാസത്തിലെടുക്കാമെന്നുകൂടി എന്റെ സ്നേഹിതനായ ശ്രീ. വി.എസ്. സുനിൽ കുമാറിനോട് പറയാൻ ഞാനാഗ്രഹിക്കുകയാണ്. കോമൺവെൽത്ത് ട്രസ്റ്റിന്റെ സ്ഥാവര-ജംഗമ വസ്തുക്കൾ

സർക്കാർ ഏറ്റെടുക്കുമ്പോൾ ഒരു പൈതൃക സമ്പത്ത് നമ്മുടെ കൈയിൽ വരികയാണ്. ആ സമ്പത്ത് നിലനിറുത്തുന്നതിന് ഇച്ഛാശക്തി കാണിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അങ്ങ് ഇതൊരു ഹെറിറ്റേജായി നിലനിറുത്തുമെന്ന് പറഞ്ഞു. ഹെറിറ്റേജായി നില നിറുത്തുക മാത്രമല്ല ഇതൊരു അന്താരാഷ്ട്ര നിലവാരമുള്ള, യുണിസ്ക്കോ ഉൾപ്പെടെയുള്ള ലോകസംഘടനകൾ ശ്രദ്ധിക്കുന്ന രീതി യിൽ നമ്മുടെ ഏറ്റവും വലിയ അഭിമാനമായി ഹാൻഡ്‌ലൂമിന്റെ രംഗ ത്തുതന്നെയുള്ള ഒരു മ്യൂസിയമായി കൺവെർട്ട് ചെയ്യപ്പെടുമെന്നും അതിന്റെ തനിമ നഷ്ടപ്പെടുത്താതെ നിലനിറുത്തുമെന്നും പറഞ്ഞതിന് ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അതുപോലെയുള്ള നമ്മുടെ മറ്റ് സ്ഥാപനങ്ങൾ കൂടി ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരാൻ പ്രത്യേകം മുൻകൈ എടുക്കുകയും അതിനു നേതൃത്വം കൊടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട വ്യവ സായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധി യിൽ വരുന്നതല്ലല്ലോ പ്ലാന്റേഷൻ ഭൂമികൾ. പ്ലാന്റേഷൻ ഭൂമികളിൽ 5% ഭൂമി ടൂറിസം വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് തടസ്സമില്ല എന്ന രൂപത്തിൽ നമ്മൾ നിയമം കൊണ്ടുവന്നു. അതിന് പ്രസിഡന്റിന്റെ അംഗീകാരവും കിട്ടി എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കേരള ത്തിലെ പ്ലാന്റേഷൻ ഭൂമികളെല്ലാം ഈ രൂപത്തിൽ കൺവർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞാൽ ബഹുമാനപ്പെട്ട അങ്ങ് പറയുന്ന ഈ ലക്ഷ്യം നിറവേറ്റാൻ സാധിക്കുമോ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, നമ്മുടെ പ്ലാന്റേഷനകത്തും വനാ ന്തര പ്രദേശങ്ങളിലും ടൂറിസത്തിന്റെ പേരിൽ നിലവിലുള്ള വനസമ്പത്തും പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളും കോൺക്രീറ്റ് കാടുകളാക്കി

മാറ്റുവാൻ ശ്രമിക്കുമ്പോൾ, പരിസ്ഥിതിയെ ബാധിക്കുന്ന രീതിയിലുള്ള ഒരു നിർമ്മാണ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിച്ചുകൂടായെന്നുള്ള നിലപാട് തന്നെയാണുള്ളത്. ആ കാര്യത്തിൽ തർക്കം വേണ്ട. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രപതി അതിനുള്ള അംഗീകാരം നൽകിയിട്ടുള്ളത്. ആ അംഗീകാരം ലഭിക്കുമ്പോൾപോലും പാരിസ്ഥിതികമായ സന്തുലിതാവസ്ഥയെ ബാധിക്കുന്ന രീതിയിൽ...... പ്ലാന്റേഷനുകളെന്നു പറഞ്ഞാൽ പരിസ്ഥിതിയുടെ ഏറ്റവും പ്രധാനപ്പെട്ട അസ്സറ്റ് തന്നെയാണ്. ആ അസ്സറ്റുകളെ ധ്വംസനപ്പെടുത്തുന്ന രീതിയിലുള്ള ഏത് നിർമ്മാണ പ്രവർത്തനത്തേയും, ടൂറിസത്തിന്റെ പേരിൽ പുതിയ മുഖച്ഛായകൾ വരുന്നതിനെയുമെല്ലാം വളരെ സൂക്ഷ്മതയോടുകൂടി നോക്കിക്കാണേണ്ടതുണ്ട്. ആ ആശങ്കകൂടി പങ്കു വയ്ക്കുകയാണ്. എന്തായാലും ഒരു നല്ല തുടക്കമാണിത്. ഒരുപാട് ഹെറിറ്റേജ് സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പഴയ പല ആശുപത്രികെട്ടിടങ്ങളും കോളേജ് കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ചില മതസ്ഥാപനങ്ങളുടെ പള്ളികളും അമ്പലങ്ങളുൾപ്പെടെയുള്ള ആരാധനാലയങ്ങളുമടക്കം ഹെറിറ്റേജ് വ്യൂവിൽ ഇപ്പോഴും നിൽക്കുന്ന സ്ഥാപനങ്ങളുണ്ട്. അതുകൊണ്ടാണ് ലോകത്തിലുള്ള നിരവധി പൈതൃക പദ്ധതികളെക്കുറിച്ച് പഠിക്കുന്നവർ കേരളത്തിലെ ഇത്തരം ഹെറിറ്റേജ് സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കാൻവേണ്ടി വരുന്നത്. കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിലുള്ള കോഴിക്കോട് മാനാഞ്ചിറയിലെ ഈ സ്ഥാപനം ഏറ്റെടുക്കുന്നതുവഴി ഗവൺമെന്റ് കാണിക്കുന്ന ഈ മാതൃക കേവലമൊരു ഇൻഡസ്ട്രിയൽ ഇന്ററസ്റ്റ് എന്ന രീതിയിലേയ്ക്ക് മാറാതെ സ്റ്റേറ്റിന്റെ കൾച്ചറൽ ഇന്ററസ്റ്റ് എന്ന രീതിയിലേയ്ക്ക് മാറ്റി നമ്മുടെ പൈതൃക പട്ടികയിലേയ്ക്ക് പോകുന്ന ഒരു വ്യൂവാക്കി മാറ്റണം. അത്തരത്തിലുള്ള നയപരമായ ഒരു സമീപനം ഗവൺമെന്റ് എടുക്കണം, അതിന് വ്യവസായ വകുപ്പിന് വലിയൊരു പങ്കുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്, അങ്ങ് ഒരു

തനി പൊളിറ്റിഷ്യനല്ല, ഒരു അക്കാഡമിക് പൊളിറ്റിഷ്യനാണ്. അങ്ങയുടെ ബാക്ക്ഗ്രൗണ്ട് നോക്കിയാൽ അറിയാം. അങ്ങയുടെ നാച്ചുറൽ സ്റ്റൈലും അതുതന്നെയാണ്. ആ ഒരു നാച്ചുറൽ സ്റ്റൈലിൽ നിന്നുകൊണ്ട് കേരള ത്തിന്റെ പൊതുഭൂമിയും വനഭൂമിയും വനാന്തര പ്രദേശങ്ങളും, ഒരി ക്കൽകൂടി ആവർത്തിച്ചു പറയുന്നു, പാട്ടക്കരാർ ലംഘിക്കപ്പെട്ട നമ്മുടെ ഭൂമികളടക്കം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി, ക്യാബിനറ്റിലെ രണ്ടാമൻ എന്നുള്ള നിലയിൽ അങ്ങ് മുൻകൈ എടുക്കണം. അതിനുള്ള തുടക്കമാക ട്ടെ മാനാഞ്ചിറയിലെ നമ്മുടെ അഭിമാനമായ പൈതൃക സമ്പത്ത് ഏറ്റെടു ക്കുന്നതിൽ കൂടി അങ്ങ് നൽകുന്ന സന്ദേശം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അല്പം വൈകിയാണെങ്കിലും കോഴിക്കോട്ടെ പ്രശ സ്തമായ, വലിയ പാരമ്പര്യമുള്ള (കോമൺവെൽത്ത് ട്രസ്റ്റ്(ഇന്ത്യ) ലിമിറ്റ ഡിന്റെ ഒരു യൂണിറ്റാ യ കോഴിക്കോട് മാനാഞ്ചിറയിലെ ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറി ഏറ്റെടുക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം വളരെ സ്വാഗതാർഹമാണ്, ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷമു ള്ളതാണ്. ഇക്കാര്യത്തിൽ കോഴിക്കോടുകാർ ഒറ്റക്കെട്ടാണ്. അവിടെത്തെ എല്ലാം എം.എൽ.എ.മാരും എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയ നുകളും നേരത്തെ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ചു കൊണ്ടുള്ള പ്രക്ഷോഭങ്ങളും അവിടെ ഉയർന്നുവന്നിട്ടുണ്ട്. ആ വികാര ങ്ങളൊക്കെ പരിഗണിച്ചുകൊണ്ട്, കുറച്ച് കാലതാമസം വന്നിട്ടുണ്ടെ ങ്കിൽപോലും ഇത് ഏറ്റെടുക്കാൻ തയ്യാറായത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പൈലറ്റ് ചെയ്തുകൊണ്ട് സംസാരിച്ചപ്പോഴും ബഹുമാനപ്പെട്ട അംഗം ടി.എൻ. പ്രതാപൻ സംസാരി ക്കുന്ന സമയത്തും ചരിത്രപരമായ വലിയ പ്രാധാന്യം ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളമുണ്ട് എന്ന് സൂചിപ്പിച്ചു. ഈ സ്ഥാപനം ഒരു പ്രതി സന്ധിയിലകപ്പെട്ടതുകൊണ്ടാണ് ഇപ്പോൾ ഗവൺമെന്റിന് ഇത് ഏറ്റെടു ക്കേണ്ടി വന്നത്. അങ്ങനെ പ്രതിസന്ധിയിലാകേണ്ടുന്ന ഒരു സ്ഥാപനമായി രുന്നില്ല കോമൺവെൽത്ത് കമ്പനി. ഏതാണ്ട് ഒന്നര നൂറ്റാണ്ട് മുമ്പ് ജർമ്മൻ ബാസൽ മിഷനറിമാരാണ് ഈ സ്ഥാപനം തുടങ്ങിയത്. പിന്നീട് വാർ പ്രോപ്പർട്ടിയായി ബ്രിട്ടൻ അതേറ്റെടുത്തു. സ്വാതന്ത്ര്യം കിട്ടി എത്രയോ വർഷങ്ങൾക്കുശേഷം 1977-ലോ മറ്റോ, അത്രയും വൈകിയാ ണ് ഇൻഡ്യൻ മാനേജ്മെന്റ് എന്ന നിലയിലേയ്ക്ക് അതിന്റെ ഉടമസ്ഥത മാറിയത്. യഥാർത്ഥത്തിൽ ഈ സ്ഥാപനത്തിന്റെ ഒരു പ്രത്യേകത - ആയി രക്കണക്കിന് തൊഴിലാളികൾ അവിടെയുണ്ടായിരുന്നു - ഏറ്റവും മിക

വുറ്റ ഉല്പന്നങ്ങളാണ് അവിടെനിന്നും പുറത്തുവന്നിരുന്നത്. ഒരുകാലത്ത് ബ്രിട്ടീഷ് രാജ്ഞിയുടെ അന്തപ്പുരം അലങ്കരിക്കാനുള്ള ഫർണീഷിംഗ് ക്ലോത്ത്പോലും ഇവിടെ നിന്നായിരുന്നു ഉല്പാദിപ്പിച്ചിരുന്നത്. ഇൻഡ്യൻ യൂണിയൻ പ്രസിഡന്റിന്റെ വസതി അലങ്കരിക്കാനുള്ള ഫർണീഷിംഗ് ക്ലോത്ത് ഉല്പാദിപ്പിച്ചിരുന്നതും ഈ സ്ഥാപനമായിരുന്നു. വിമാനങ്ങളി ലുപയോഗിച്ചിരുന്ന ഫർണീഷിംഗ് ക്ലോത്ത് ഉണ്ടാക്കിയ സ്ഥാപനമാണിത്. ഉല്പന്നത്തിന്റെ ഗുണമേന്മകൊണ്ട്, മികവുകൊണ്ട് ലോക കമ്പോളം കീഴ ടക്കിയ ഈ സ്ഥാപനം പ്രതിസന്ധിയിലാകേണ്ടതായിരുന്നില്ല. പിന്നീടു വന്ന മാനേജ്മെന്റുകളുടെ കെടുകാര്യസ്ഥതകൊണ്ടാണ് ഈ സ്ഥാപനം ഇങ്ങനെയൊരു പതനത്തിലേയ്ക്ക് ചെന്നെത്തിയത്. ഈ സ്ഥാപനം അങ്ങനെയൊരു പ്രതിസന്ധിയിലകപ്പെട്ടപ്പോൾ അതിനെ കരകയറ്റാൻ പുതിയ സാങ്കേതികവിദ്യകളുടെ സാധ്യതകൾ അന്വേഷിക്കുകയോ, അല്ലെ ങ്കിൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി അതിന് പരിഹാരം കാണുന്ന തിനുള്ള ശ്രമം നടത്തുകയോ ചെയ്യാതെ ചെരിപ്പിനൊപ്പിച്ച് കാലു മുറി ക്കുക എന്നു പറഞ്ഞതുപോലെയുള്ള സമീപനമായിരുന്നു മാനേജ്മെന്റ് സ്വീകരിച്ചിരുന്നത്. കോടാനുകോടി രൂപ വിലമതിക്കുന്ന സ്ഥലവും കെട്ടിട ങ്ങളുമൊക്കെ തുണ്ടംതുണ്ടമായി, ഘട്ടംഘട്ടമായി വിൽക്കുന്ന ഒരു നില പാടാണ് അവർ സ്വീകരിച്ചത്. അങ്ങനെയാണ് നേരത്തെ ഇവിടെ സൂചിപ്പി ച്ചിട്ടുള്ള ചില വിൽപ്പനകളൊക്കെ നടന്നത്. തൊഴിലാളികൾക്ക് ജോലി പോയി, പലരും വി.ആർ.എസ്. വാങ്ങിച്ചുപോയി. ആ സാഹചര്യ ത്തിലാണ് കമ്പനി ഏറ്റെടുക്കണമെന്നുള്ള ആവശ്യം ബാക്കിയുള്ള തൊഴി ലാളികളുടെ ഭാഗത്തുനിന്ന് ഉയർന്നുവന്നത്. സർക്കാർ ഏറ്റെടുക്കണമെ ന്നാവശ്യപ്പെട്ടുകൊണ്ട് അവർ പ്രക്ഷോഭരംഗത്തുവന്നു. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുകളും ഒരുമിച്ച് ആ ആവശ്യമുന്നയിച്ചു. എം.എൽ.എ.മാരൊക്കെ ഇവിടെ നിവേദനം കൊടുക്കുകയുണ്ടായി. അങ്ങ നെയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് ഏറ്റെ ടുക്കുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവരാനിടയായത്. ആ ഓർഡി

നൻസ് കൊണ്ടുവന്ന് പ്രസിഡണ്ടിന്റെ അനുമതിക്കു വേണ്ടി അയച്ചു. പക്ഷേ അന്ന് കേന്ദ്ര ഗവൺമെന്റ് അക്കാര്യത്തിൽ സ്വീകരിച്ച സമീപനം കാരണം പ്രസിഡണ്ടിന്റെ അനുമതി ലഭിച്ചില്ല. ഉള്ളതുതന്നെ പ്രൈവ റ്റൈസ് ചെയ്യുന്ന പോളിസി സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റ് പറഞ്ഞത് ഇത്തരം sick ആയിട്ടുള്ള വ്യവസായങ്ങൾ ഏറ്റെടുക്കുക എന്നുള്ളത് ഞങ്ങളുടെ നയമല്ല എന്നാണ്. പക്ഷേ, അക്കാര്യത്തിലൊരു തീരുമാനമെ ടുത്ത് ആ വിവരം സംസ്ഥാന ഗവൺമെന്റിനെ അറിയിക്കാൻ ഏതാണ്ട് ആറുമാസമെടുത്തു. അപ്പോഴേയ്ക്കും ഇലക്ഷൻ വന്നു. ഇലക്ഷൻ പ്രഖ്യാ പിച്ചതിനുശേഷം മാത്രമാണ് അവിടെ നിന്നുള്ള കമ്മ്യൂണിക്കേഷൻ വന്ന തെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇലക്ഷനുശേഷം പുതിയ ഗവൺമെന്റ് വന്നു. ഇത് തെരഞ്ഞെടുപ്പു കാലത്ത് ചർച്ച ചെയ്യപ്പെട്ട വിഷ യമാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ ആദ്യ നിയമസഭാ സമ്മേളന ത്തിൽത്തന്നെ കോംട്രസ്റ്റ് ഏറ്റെടുക്കാനുള്ള നിയമം കൊണ്ടുവരുമെന്നു പറഞ്ഞു, സർക്കാരിന്റെ നൂറുദിന പരിപാടിയിലും ഇതുൾപ്പെടുത്തിയിരു ന്നു. പക്ഷേ അതിന് കാലതാമസമുണ്ടായി. ഞങ്ങൾ പലവട്ടം നിയമസഭ യിൽ ഈ വിഷയം സബ്മിഷൻ വഴിയൊക്കെ ഉന്നയിച്ചതാണ്. ഇപ്പോൾ പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലാണ് ഇതു വരുന്നത്. ഈ താമസം കൊണ്ടുണ്ടായ ഒരു അപകടമെന്താണെന്നുവ ച്ചാൽ ഇതിനിടയിൽ 1.23 ഏക്കർ ഭൂമി മാനേജ്മെന്റ് വീണ്ടും വിറ്റു. കഴിഞ്ഞ ഗവൺമെന്റിന്റെ ഓർഡിനൻസ് വന്നതിനുശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അഞ്ചാം സമ്മേളനംവരെയുള്ള കാല താമസമുണ്ടായപ്പോൾ, അതിനിടയിൽ 1.23 ഏക്കർ ഭൂമി വിറ്റു. അതുൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഈ നിയമം സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയിൽ പോയിവന്ന് പാസ്സാക്കുമ്പോൾ അങ്ങേ യറ്റത്തെ സൂക്ഷ്മത അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നും മറ്റെല്ലാവരുടെ ഭാഗത്തുനിന്നുമുണ്ടാകണം. നേരത്തെ ശ്രീ. ടി.

എൻ. പ്രതാപൻ സംസാരിച്ചപ്പോൾ 50 സെന്റ് ആരോ വാങ്ങിയെന്ന് പറഞ്ഞു. 50 സെന്റൊന്നുമല്ല, 1.23 ഏക്കർ ഭൂമി നിയമമുണ്ടാക്കുന്നതിന് കാലതാമസം വരുത്തിയ സൗകര്യമുപയോഗിച്ചുകൊണ്ട് വാങ്ങിയവരുണ്ട്. ഈ നിയമത്തിനെതിരെ അവർ കോടതിയിൽ പോകും. ഞങ്ങൾ ഇത് വാങ്ങിച്ചുപോയതാണ്, അതുകൊണ്ട് ഞങ്ങൾക്ക് വേണമെന്നു പറഞ്ഞുകൊണ്ട് ഏറ്റെടുക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കാനോ അല്ലെങ്കിൽ നഷ്ടപരിഹാരം കിട്ടാനോ കോടതിയെ സമീപിക്കും. വലിയ നഷ്ടപരിഹാരമൊക്കെ ചോദിക്കാൻ സാധ്യതയുണ്ട്. അപ്പോഴും ഗവൺമെന്റിന്റെ ഖജനാവിൽ നിന്നുതന്നെയാണ് കാശു പോകുന്നത്. കാലതാമസം കൊണ്ടുണ്ടായ അപകടമിതാണ്. ഇത് നമ്മൾ ഏറ്റെടുത്തുകഴിഞ്ഞാൽ, മാനേജ്മെന്റിനോ ഭൂമി വാങ്ങിക്കൂട്ടിയ ആളുകൾക്കോ ചോദ്യം ചെയ്ത് തടസ്സമുണ്ടാക്കി വീണ്ടും കാലതാമസമുണ്ടാക്കി ഇതിന് പ്രതിബന്ധമുണ്ടാക്കാതിരിക്കാൻ ആവശ്യമായ ജാഗ്രത ഈ നിയമനിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നമ്മൾ അവലംബിക്കേണ്ടതുണ്ട്. അതുവഴി മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന കാര്യം സഫലീകരിക്കാനാകൂ. മറ്റൊന്ന്, ഇത് ഏറ്റെടുത്തുകഴിഞ്ഞാൽ അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഇതിന്റെ ആമുഖത്തിൽത്തന്നെ പറയുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസിൽ പറഞ്ഞ കാര്യം തന്നെ അതേ നിലയ്ക്ക് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ ഹാന്റ്ലൂം മ്യൂസിയം തുടങ്ങുകയല്ല ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ബഹുമാനപ്പെട്ട മന്ത്രി മുമ്പോട്ടുവച്ച ആശയം അതൊരു ഇൻഡസ്ട്രിയൽ മ്യൂസിയമെന്ന നിലയിലാണ്. ഒരു വിക്ടോറിയൻ ആർക്കിടെക്ച്ചറിന്റെ ശില്പചാതുര്യത്തോടുകൂടിയുള്ള അതിമനോഹരമായ കെട്ടിടമാണ്. മാനാഞ്ചിറയ്ക്ക് തൊട്ടപ്പുറത്ത് ഇതുപോലെ ശില്പഭംഗിയുള്ള ഒരു കെട്ടിടമുണ്ടായിരുന്നു, ഹജൂർ കച്ചേരി. അത് പൊളിച്ചുമാറ്റി. അന്ന് പൈതൃകത്തിന്റെയൊന്നും പ്രാധാന്യം നമുക്കാർക്കും അറിയാത്തതുകൊണ്ട് അതിനെതിരെ ആരും ഒരക്ഷരം പറഞ്ഞില്ല. കോഴിക്കോട് നഗരത്തിന്റെ സർവ്വ പൗരാ

ണിക പ്രൗഢിയും ഉയർത്തിപ്പിടിക്കുന്ന ആ കെട്ടിടം അടിച്ചുപൊളിച്ചുകള ഞ്ഞപ്പോൾ അതിനെ ചോദ്യം ചെയ്യാൻ അന്ന് ആരുമുണ്ടായിരുന്നില്ല. പക്ഷേ ഇന്ന് അങ്ങനെയല്ല, പൈതൃകവും പാരമ്പര്യവും പ്രകൃതി സമ്പ ത്തുമൊക്കെ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് നമുക്കെല്ലാവർക്കും നല്ല ബോധ്യമുള്ളതുകൊണ്ട് ഇത് സംരക്ഷിക്കണമെന്ന ആവശ്യവും വരുന്നു ണ്ട്. പക്ഷേ അവിടെ വെറുമൊരു മ്യൂസിയമുണ്ടാക്കുക എന്നുള്ളതല്ല. വിക്ടോറിയൻ ആർക്കിടെക്ച്ചറിന്റെ ഭംഗിയോടുകൂടിയുള്ള ആ കെട്ടിടം സംരക്ഷിച്ച് അതിൽ ഇൻഡസ്ട്രിയൽ മ്യൂസിയവും അതേസമയംതന്നെ ഒരു മോഡേൺ മിൽ സ്ഥാപിച്ചുകൊണ്ട് അവിടെ അവശേഷിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിന്, അവരുടെ തൊഴിൽ സംരക്ഷിക്കു ന്നതിനുള്ള ഒരു നടപടിയുമുണ്ടാകണം. ഞാൻ അത് പറയാൻ കാരണം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ അത് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ ശ്രീ. ടി. എൻ. പ്രതാപൻ സംസാരിച്ചപ്പോൾ മില്ലിനെക്കുറിച്ച് പറഞ്ഞില്ല, മ്യൂസി യത്തെക്കുറിച്ച് മാത്രമാണ് സൂചിപ്പിച്ചത്. പക്ഷേ, അതും വേണം. ഏറ്റവും മോഡേണൈസായിട്ടുള്ള മില്ലുണ്ടായാൽ പഴയ പാരമ്പര്യമനുസ രിച്ചുതന്നെ ഏറ്റവും മികവുറ്റ ഉല്പന്നങ്ങൾ കൊണ്ടുവരാനും മാർക്കറ്റ് ചെയ്യാനുമെല്ലാം കഴിയും. അതിന് നല്ല ഭാവിയുമുണ്ടാകും. ആ നിലയിൽ അങ്ങ് അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ അതിന്റെ എല്ലാ സ്പിരിറ്റോടും കൂടി......

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇത് ഏറ്റെടുക്കുമ്പോൾ അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ സംരക്ഷണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചതായി അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനെക്കുറിച്ചൊരു വിശദീകരണം നമു ക്കാവശ്യമല്ലേ? അത് ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇതിനകത്ത് ഒരു വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനും തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന

തിനുമുള്ള കാഴ്ചപാട് പറയുന്നുണ്ട്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് ബില്ലിന്റെ ചർച്ച അവസാനിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമ്പോൾ സൂചിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന പ്പെട്ട കാര്യം ഇതിനകത്ത് ഒന്നുരണ്ടു സ്ഥലങ്ങൾ മിസ് ചെയ്തിട്ടുണ്ട്. 11 സെന്റും, 3 സെന്റും. അതിന്റെ സർവ്വെ നമ്പറും ഡീറ്റെയിൽസുമൊക്കെ യുണ്ട്. മൊത്തം ഈ പ്രോപ്പർട്ടി ഏറ്റെടുക്കുന്ന സമയത്ത് പ്രധാനപ്പെട്ട രണ്ട് സ്ഥലങ്ങൾ ഒന്ന്, കോഴിക്കോട് താലൂക്ക് നഗരംവില്ലേജ് റീസർവ്വെ റ്റി.എസ്.7/8/137 അത് 11 സെന്റിന്റെതാണ്. 7/8/131 3 സെന്റ് ഈ രണ്ട് ഭാഗം കൂടെ ഇതിനകത്ത് ഉൾപ്പെടുത്തണം. വളരെ വളരെ മുമ്പെ കൈമാറ്റം ചെയ്യപ്പെട്ട് കെട്ടിടം ഉണ്ടാക്കിയ സ്ഥലമാണ്. അത് ഏറ്റെടുക്കു ന്നില്ലെന്നുള്ളതാണ് എല്ലാവർക്കുമുള്ള ഒരു ധാരണ. ഈ സ്ഥലങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ നമ്മൾ ഏറ്റെടുക്കൽകൊണ്ട് ഉദ്ദേ ശിക്കുന്ന ഒരു ദൗത്യത്തിന് ഗുണമുണ്ടാകില്ല. അതുകൂടി ഉൾപ്പെടുത്ത ണം.

ശ്രീ. ജോസഫ് വാഴക്കൻ : സർ, II (എ) ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ടു നൂറ്റാണ്ടുമുമ്പ് ജർമ്മൻ ക്രിസ്ത്യൻ മെഷിനറിമാർ ആരംഭിച്ച് പിന്നീട് ബ്രിട്ടീഷ് സർക്കാർ കോമൺ വെൽത്ത് ട്രസ്റ്റ് എന്നൊരു ട്രസ്റ്റ് രൂപീകരിച്ച് അതിന്റെ നിയന്ത്രണത്തിൽ നല്ല രീതിയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു കോമൺ വെൽത്ത് ട്രസ്റ്റ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നമ്മുടെ സ്വദേശികളായ ഭരണസമിതിയെ ഏൽപ്പിക്കുകയും പിൽകാലത്ത് സ്ഥാപനം കുളം തോണ്ടുകയും പൂട്ടുകയും പീസ് പീസായി വിൽക്കുകയും തൊഴിലാളികളെ പട്ടിണിയിലാക്കുകയും സ്ഥാപനംതന്നെ ഏതാണ്ട് ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്ന കഥയാണ് കോമൺ വെൽത്ത് ട്രസ്റ്റിനെ സംബന്ധിച്ച് പറയാനുള്ളത്. മംഗലാപുരത്തും തിരുനാവായിലും കോഴിക്കോട് മാനാഞ്ചിറയിലും ഓടുനിർമ്മാണ ഫാക്ടറിയും കൈത്തറി നെയ്ത്തുശാലയുമായി പ്രവർത്തനം ആരംഭിച്ച ട്രസ്റ്റ് ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്ന ടൈൽസ് ആണെങ്കിലും തുണിത്തരങ്ങളാണെങ്കിലും ലോക പ്രശസ്തമായിരുന്നു. നേരത്തെ ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞതുപോലെ വിക്ടോറിയ രാജ്ഞിയുടെ വസ്ത്രങ്ങൾപ്പോലും ഇവിടെ നെയ്തിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. ഏതായാലും ട്രസ്റ്റിന്റെ കീഴിലുള്ള ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറി വളരെ പ്രസിദ്ധമായിരുന്നു എന്നുള്ളത് സത്യമാണ്. ലണ്ടൻ മാർക്കറ്റിലായിരുന്നു ഇവിടെയുള്ള ഉൽപ്പന്നങ്ങളെല്ലാം വിറ്റിരുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, വിക്ടോറിയ രാജ്ഞിയുടെ വസ്ത്രത്തെക്കുറിച്ച് ഞാനൊന്നും പറഞ്ഞില്ല. വിക്ടോറിയൻ ആർക്കിടെക്ച്ചർ എന്നാണ് പറഞ്ഞത്.

ശ്രീ. ജോസഫ് വാഴക്കൻ : സർ, എന്നാൽ അതിനെക്കാൾ കുറച്ചുകൂടി പഠിച്ചിട്ടുള്ളതുകൊണ്ട് ഞാൻ പറയുകയാണ് വിക്ടോറിയ രാജ്ഞി

ധരിച്ചിരുന്ന വസ്ത്രംതന്നെ ഇവിടെ നിന്നാണ് ഉണ്ടാക്കിയത്. രണ്ടു നൂറ്റാണ്ട് പഴക്കമുള്ളതാണ്.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ, വിക്ടോറിയ രാജ്ഞിയുടെ വസ്ത്രത്തെക്കുറിച്ചുള്ള ഒരു തർക്കം നമുക്ക് വേണ്ട.

ശ്രീ. ജോസഫ് വാഴക്കൻ : കോഴിക്കോട്ടെ വ്യവസായികളും സാമൂഹ്യപ്രവർത്തകരുമടങ്ങുന്ന ഒരു സമിതിയായിരുന്നു ഇതിന്റെ ഭരണം നടത്തിയിരുന്നത്. മലബാറിലെ ആദ്യത്തെ ട്രേഡ് യൂണിയനും ഇവിടെയാണുണ്ടായത്. ശ്രീ. സി.കെ.ജി. പ്രസിഡന്റും അതുപോലെ ശ്രീ. പി. കൃഷ്ണപ്പിള്ള സെക്രട്ടറിയുമായിട്ടുള്ള ആദ്യത്തെ ട്രേഡ് യൂണിയനും ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിച്ചതും ഈ സ്ഥാപനത്തിലാണ്. പിന്നീട് ഇ.കെ. നായനാർ ഇവിടെനിന്നാണ് പ്രചോദനം ഉൾകൊണ്ടുകൊണ്ട് അദ്ദേഹം കണ്ണൂരിൽ ട്രേഡ് യൂണിയൻ പ്രവർത്തനം തുടങ്ങിയിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏതായാലും നാട്ടുകാരുടെ നിയന്ത്രണത്തിൽ വന്ന കമ്പനി ആദ്യമാദ്യം നല്ല രീതിയിലാണ് പ്രവർത്തിച്ചത്. പിന്നെ മംഗലാപുരം ഫാക്ടറി വിറ്റു. വെള്ളെയിലെ ഫാക്ടറി അടച്ചുപൂട്ടി. ഇവിടെയൊക്കെ തൊഴിലാളിക്കുള്ള ആനുകൂല്യങ്ങൾപോലും ഇതുവരെയും കൊടുത്തു തീർത്തിട്ടില്ല എന്നുള്ളതാണ് സത്യം. പിന്നീട് അന്നത്തെ തൊഴിൽവകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ വച്ചാണ് മാനാഞ്ചിറയിലെ ഈ ഭൂമിയും ബംഗ്ലാവുമുൾപ്പെടുന്ന ഈ ഫാക്ടറിയുടെ ചുമതല ട്രേഡ് യൂണിയൻ നേതാക്കന്മാരെ ഏൽപ്പിച്ചത്. അവർ മാനാഞ്ചിറയിലെ കണ്ണായ ഭൂമിയും ബംഗ്ലാവും തുച്ഛമായ വിലയ്ക്ക് രണ്ടു കൂട്ടർക്ക് അതിന്റെ കുറെ ഭാഗം വിറ്റു. ഒന്നൊരു സ്വകാര്യവ്യക്തിക്കും വിറ്റു. ഒന്ന് ഒരു ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി (കോഴിക്കോട്) തട്ടിക്കൂട്ടിയ ഒരു ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിയ്ക്കായി കൊടുത്തു. ആ ടൂറിസം സൊസൈറ്റി ആരുടെതാണ് എന്നുള്ളതൊക്കെ നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുപോലെയുള്ള

വലിയ തട്ടിപ്പുകൾ നടക്കുന്നു എന്നറിഞ്ഞപ്പോൾ ആ നാട്ടിലെ ജനങ്ങൾ സമരത്തിനിറങ്ങി.

ശ്രീ. എളമരം കരീം : സർ, ട്രേഡ് യൂണിയൻ നേതാക്കന്മാരെ ഭരണം ഏൽപ്പിച്ചതല്ല. അന്നത്തെ തൊഴിൽവകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരന്റെ നേതൃത്വത്തിലുള്ള ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയനെ ഡയറക്ടർ ബോർഡിൽ ഉൾക്കൊള്ളിക്കാനുള്ള തീരുമാനമായിരുന്നു. അതിൽ ഐ.എൻ.റ്റി.യു.സി. സി.ഐ.റ്റി.യു. എന്നീ രണ്ടു സംഘടനകളുടെ പ്രതിനിധികൾ ഉൾക്കൊള്ളിച്ചിരുന്നു. അവരെന്തെങ്കിലും പ്രത്യേകം കുറ്റം ചെയ്തു എന്ന് രേഖയിൽ വരുന്ന പരാമർശം ശരിയല്ല. രണ്ട്, ഈ ടൂറിസം സൊസൈറ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ്. അവർ തട്ടിപ്പ് നടത്തിയിട്ടില്ല. കേരള ഹൈക്കോടതിയുടെ ഉത്തവനുസരിച്ച് ഫെഡറൽബാങ്കിന്റെ കടം തീർക്കാൻവേണ്ടി കോടതി ഓക്ഷൻ ചെയ്ത് ആ ഓക്ഷനിൽ പങ്കെടുത്ത് തുടങ്ങിയതാണ്. ഇത്തരം കോൺട്രവേഴ്സിയലായിട്ടുള്ള സ്റ്റേറ്റുമെന്റ് നടത്തുന്നത് ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ആരെങ്കിലും ഒരു കൂട്ടർ മാത്രമായി ചെയ്ത തെറ്റാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ, ട്രേഡ് യൂണിയൻ പ്രതിനിധികൾ ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നു. അവർതന്നെയാണ് ഇതിൽ സജീവമായി ഉണ്ടായിരുന്നത്. ആ ബോർഡിൽ ഐ.എൻ.റ്റി.യു.സി. യും സി.ഐ.റ്റി.യും ഉണ്ടായിരുന്നു. പക്ഷേ, ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി വളരെ തുച്ഛമായ തുകയ്ക്കാണ് എടുത്തത് എന്നുള്ളത് സത്യമാണ്. അതിനെ സംബന്ധിച്ച് ഇപ്പോഴും ഒരു തർക്കം നിലനിൽക്കുന്നുണ്ട്. ആ സൊസൈറ്റിക്ക് ലോൺ കൊടുത്തത് ജില്ലാ സഹകരണ ബാങ്കാണ്. ...... ഈ ഭൂമിയാണ് പ്ലെഡ്ജ് ചെയ്തിരുന്നതെന്നുള്ള ആരോപണം അന്ന് ഉയർന്നതാണ്. മാത്രമല്ല സംഭവിച്ചത് എന്താണെന്നു ചോദിച്ചാൽ

ആ സൊസൈറ്റി ഭൂമി എടുത്തില്ല. ബഹുമാനപ്പെട്ട ശ്രീ. വി.എസ്. അച്ചുതാനന്ദൻ പാർട്ടിയിലെ കേന്ദ്രകമ്മിറ്റിയിൽ പറഞ്ഞതുപോലെ ഈ ഇടതു പക്ഷ വ്യതിയാനം ഉണ്ടാകുന്നതിന്റെ ഭാഗമായി രാജ്യം മുഴുവനും സംസ്ഥാനം മുഴുവനും മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഹോട്ടൽ ശൃംഖലകൾ ആരംഭിക്കാൻ തീരുമാനിച്ചപ്പോഴാണ് ഈ സൊസൈറ്റി ഈ ഭൂമിയുടെമേൽ കൈവയ്ക്കുന്നത്. അതിന് ഭാഗമായിട്ടാണ് അതെടുക്കുന്നത്. അല്ലാതെ സേവനം നടത്താൻ പോയതൊന്നുമല്ല. അവിടെ പോയി ഈ ഭൂമി എടുത്തു. എങ്കിലും ഹോട്ടൽ കെട്ടാൻ നാട്ടുകാർ സമ്മതിച്ചില്ല. മാനാഞ്ചിറ കുളത്തിന്റെ സൈഡിൽ ഒരു ഹോട്ടലുണ്ടാക്കിയാൽ കുളത്തിലെ ജലം മലിനമാകുമെന്നും കോഴിക്കോട്ടെ ജനങ്ങളുടെ കുടിവെള്ളം മുട്ടുമെന്നും പറഞ്ഞ് ആ നാട്ടിലെ ജനങ്ങൾ എതിരായി.നിൽക്കുകയും ചെയ്തതുകാരണം പണി നടന്നില്ല. എന്നുമാത്രമല്ല ആ ഭൂമികൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതായി. ഇന്നിപ്പോൾ ഈ ഭൂമി ഏറ്റെടുക്കണമെന്നുള്ള ആവശ്യം എല്ലാ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഞങ്ങളും അതിനെ അനുകൂലിക്കുന്നു. മാത്രമല്ല വളരെ നല്ലൊരു ലക്ഷ്യത്തിനുവേണ്ടിയാണ് അത് ഏറ്റെടുക്കുന്നത്. കോർപ്പറേഷനുകീഴിൽ ഒരു വ്യവസായ മ്യൂസിയവും ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കാനും നേരത്തെ ശ്രീ. റ്റി. എൻ. പ്രതാപൻ സൂചിപ്പിച്ചതുപോലെ ഇതൊരു നല്ല പൈതൃക കേന്ദ്രമായി സംരക്ഷിക്കാനുമൊക്കെയുള്ള ലക്ഷ്യത്തോടുകൂടിത്തന്നെയാണ് ഇത് ഏറ്റെടുക്കുന്നത്. അതിനെയൊക്കെ അനുകൂലിക്കുകയാണ്. പക്ഷേ ഇതിനെ സംബന്ധിച്ച് ഒരൊറ്റ കാര്യത്തിൽ മാത്രമാണ് ചെറിയൊരു അഭിപ്രായം പറയാനുള്ളത്. 'ഖണ്ഡം (10)-ൽ വിറ്റതും സർക്കാരിൽ നിക്ഷിപ്തവുമായ വസ്തുക്കളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകൽ, വിറ്റതും ഈ ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായതുമായ ഭൂമിയുടെ ഉടമസ്ഥാവകാശം ഈ ആക്ടിന്റെ പ്രാരംഭ രീതിയിൽ ആ പ്രദേശത്ത് നിലനിന്നിരുന്ന കമ്പോളവിലയുടെ നിരക്കിലുള്ള തുകയ്ക്ക് നഷ്ടപരിഹാരത്തിന്

അർഹരായിരിക്കുന്നതാണ്'- ഇവിടെയാണ് ഒരു പ്രശ്നമുള്ളത്. കമ്പോള വില, ഇപ്പോൾ കമ്മീഷണറെ ഒരു തുക ഏൽപ്പിക്കുകയാണ്. പക്ഷേ വിറ്റ ഭൂമികൾ അക്വയർ ചെയ്യുമ്പോൾ വളരെ തുച്ഛമായ വിലയ്ക്ക് കയ്യിൽ കിട്ടിയിരിക്കുന്ന ഭൂമി ഇപ്പോഴത്തെ കമ്പോളവിലയ്ക്ക് ഏറ്റെടുക്കാൻ പോയാൽ അത് സംസ്ഥാന സർക്കാരിന് വലിയ നഷ്ടമുണ്ടാകുന്നതാണ്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു വ്യവസ്ഥ വയ്ക്കണം. അവർ ഏത് തുകയ്ക്ക് വാങ്ങിയോ അതിന്റെ ബാങ്ക് പലിശകൂടി ഉൾപ്പെടുന്ന തുക ഫിക്സ് ചെയ്ത് ആ തുകയ്ക്കായിരിക്കണം ഇത് ഏറ്റെടുക്കേണ്ടതെന്നുള്ള ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം ഈ ഭൂമി ഇപ്പോൾ ഏറ്റെടുക്കുന്നത് അവർക്ക് സന്തോഷമാണ്. കാരണം ഹോട്ടൽ പണിയുന്നത് നടക്കില്ല. വലിയ ഫൈവ്സ്റ്റാർ ഹോട്ടലുകൾ നടത്തുന്നതിനുവേണ്ടി കഴിഞ്ഞ കാലഘട്ടത്തിലെടുത്ത ഒരു തീരുമാനത്തിന്റെ ഭാഗമായി സംസ്ഥാനത്തെമ്പാടും ഇതുപോലുള്ള പല സ്ഥലങ്ങളും കൈക്കലാക്കിയിട്ടുണ്ട്. തിരുവേപ്പതി മില്ലിന്റെ കാര്യം നമുക്കറിയാം, ഇപ്പോൾ ആ സ്ഥലം നായനാർ സ്മാരകത്തിനുവേണ്ടിയാണ് വാങ്ങിയിരിക്കുന്നത്. ഇതുപോലെ പല സ്ഥലങ്ങളും വളരെ കുറഞ്ഞ വിലയ്ക്ക് സംഘടിപ്പിച്ച് അവിടെയൊക്കെ വലിയ ഹോട്ടൽ സമുച്ചയങ്ങൾ പണിയുവാൻവേണ്ടി സംസ്ഥാനത്തെമ്പാടും പല പരിപാടികളും നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുകൂടിയാണ് ഇത് സംഘടിപ്പിച്ചത്. പക്ഷേ അവിടെ ഇനി ഹോട്ടൽ പണി നടക്കില്ലെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ ഇപ്പോഴത്തെ മാർക്കറ്റ് വിലയനുസരിച്ച് സർക്കാർ എടുത്തോട്ടെ എന്നു പറഞ്ഞാൽ, അന്ന് 8 ലക്ഷം രൂപയ്ക്കാണ് കയ്യിൽ കിട്ടിയതെങ്കിൽ ഇന്ന് അവിടത്തെ മാർക്കറ്റ് വില സെന്റിന് 25-30 ലക്ഷം രൂപയുണ്ടാകും. സർക്കാരിന്റെ പണമെടുത്ത് കൊടുക്കുന്നത് ശരിയല്ല. അതുകൊണ്ടുതന്നെ ഇതിനകത്ത് കമ്മീഷണർക്കുള്ള വ്യവസ്ഥകളും നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള വ്യവസ്ഥകളും മറ്റെല്ലാ

കാര്യങ്ങൾക്കുമുള്ള വ്യവസ്ഥകൾ പറയുന്നുണ്ട്. ആ വ്യവസ്ഥകൾ പറയുന്ന കൂട്ടത്തിൽ ഇത്തരത്തിൽ വിറ്റുപോയ ഭൂമി തിരിച്ചെടുക്കുമ്പോൾ ആ ഭൂമി എത്രരൂപയ്ക്കാണോ അവർ കൈമാറ്റം നടത്തപ്പെട്ടത് എന്നുള്ളതിന് രേഖയുണ്ടാകും, ആ തുകയോടൊപ്പം ബാങ്ക് പലിശ കൂടി ഉൾപ്പെടുത്തിയ ഒരു തുക ഫിക്സ് ചെയ്തുമാത്രമേ ഏറ്റെടുക്കാവൂ എന്ന് വ്യവസ്ഥ ചെയ്തില്ലായെങ്കിൽ, ഇപ്പോൾ നമ്മൾ ഇത് നടത്തിയിട്ട് പോകും. നാളെ കമ്മീഷണറും ബന്ധപ്പെട്ട ആളുകളും കൂടിയുള്ള കൂട്ടുകച്ചവടത്തിൽ ഒരുപക്ഷേ .........

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കാലതാമസം വന്നതിനെത്തുടർന്ന് ഒന്നര ഏക്കർ ഭൂമി വിറ്റുപോയിട്ടുണ്ട്. ആ വിറ്റുപോയ ഭൂമി ഇക്കൂട്ടത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ ഏറ്റെടുക്കുമ്പോൾ അന്ന് വാങ്ങിയ തുകയും ബാങ്ക് പലിശയും എന്നുതന്നെയാണോ നിഷ്കർഷിക്കാൻ പോകുന്നത്; അങ്ങനെയാണെങ്കിൽ ഏറ്റെടുക്കൽ പരിപാടി പൊളിക്കാനുള്ള നിർദ്ദേശമാണോ ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ ഇവിടെ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയാൽകൊള്ളാം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഏറ്റെടുക്കൽ പരിപാടി പൊളിക്കുക എന്നുള്ളതല്ല, ഇത് ഏറ്റെടുത്തശേഷം ഭൂമിക്ക് ചെലവില്ലെന്ന് തോന്നിയപ്പോൾ സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമത്തെയാണ് ഞാൻ എതിർക്കുന്നത്. അതല്ലാതെ ഏറ്റെടുക്കൽ നടപടിയെ പൊളിക്കാൻ ശ്രമിക്കുന്നതല്ല. വിറ്റുപോയ ഒന്നര ഏക്കർ സ്ഥലം തിരിച്ചെടുക്കുന്ന കാര്യംകൂടി ഇതിൽ പറഞ്ഞിട്ടുണ്ട്. അല്ലാതെ വെറുതെ 8 ലക്ഷം രൂപയ്ക്ക് വാങ്ങിയ ഭൂമിക്ക് 25 ലക്ഷം രൂപയ്ക്ക് ബ്രോക്കറേജ് വാങ്ങുന്ന പരിപാടി സൊസൈറ്റി നടത്തേണ്ട കാര്യമില്ല. ചിലപ്പോൾ auction എടുത്ത ഭൂമിയായിരിക്കും. എന്തായാലും ഇത്ര രൂപയല്ലേ മുടക്കിയിട്ടുള്ളല്ലോ. അത് വരുമ്പോൾ, നിങ്ങൾ രണ്ടുകയ്യുംവിട്ട് സഹകരിക്കുന്നു.

ആരൊക്കെയാണ് സൊസൈറ്റിയിലെ അംഗങ്ങൾ? ഈ പറയുന്ന ഭൂമി വാങ്ങിയിരിക്കുന്ന സൊസൈറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് ഞാൻ പറയാതെ നിങ്ങൾക്കെല്ലാവർക്കും അറിയാം. നിങ്ങൾക്ക് വളരെ വേണ്ടപ്പെട്ട ആളുകളാണ്. അതുകൊണ്ട് ആ രീതിയിൽ പോകരുതെന്നാണ് എന്റെ അഭിപ്രായം. കാരണം അതിനെ സംബന്ധിച്ച് വളരെ വ്യക്തമായ നിലപാട് എടുത്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല ഉൾപ്പെടെ അവിടെ നടന്ന സമരപരിപാടികളിൽ പങ്കെടുത്തിട്ടുള്ളതാണ്. അവിടെ കോൺഗ്രസ് പാർട്ടിക്കും വളരെ വ്യക്തമായ നിലപാടുള്ളതാണ്. ഞങ്ങൾ അവിടത്തെ തൊഴിലാളികളോടും നാട്ടിലെ ജനങ്ങളോടുമൊപ്പം സമരരംഗത്ത് നിന്നിട്ടുള്ളതാണ്. അത്രയും ബോദ്ധ്യമുള്ള ഒരു കാര്യമായതുകൊണ്ട് ആ രീതിയിൽ തുക കൊടുക്കണമെന്ന് പറയുന്നതിൽ ഒരു ന്യായീകരണമില്ലാത്തതിനാൽ കൃത്യമായ നിർവ്വചനം ഈ ബില്ലിൽ ഉണ്ടാകണമെന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. ഞാനിതിനെക്കുറിച്ച് ദീർഘമായി സംസാരിച്ച് സമയം കളയുന്നില്ല. ബില്ലിലെ 10-ാം ഖണ്ഡത്തിലും ധനകാര്യ മെമ്മോറാണ്ടത്തിലെ 4-ാം ക്ലോസിലും വ്യക്തമായി പറയുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ഉണ്ടാക്കണമെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. സ്വകാര്യ വ്യക്തിയുടെ ഭൂമിയിലും അദ്ദേഹത്തിന് കൺസ്ട്രക്ഷൻ നടത്താനുള്ള ശ്രമം നടത്തി സാങ്ഷൻ കിട്ടാതെ പരാജയപ്പെട്ട് നില്ക്കുകയാണ്. ജ്യോമെട്രിക്കലായി ഭൂമിയുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവർക്കും ഒരു സന്തോഷം എന്നുള്ള രീതിയിൽ ഇതിനെ കാണാൻ പാടില്ല. കാരണം ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കുന്ന അല്ലെങ്കിൽ ഇത്തരം പൈതൃകങ്ങൾ സംരക്ഷിക്കുകയും തൊഴിലാളികൾക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ കിട്ടാൻ വേണ്ടി ഗവൺമെന്റ് എടുക്കുന്ന നല്ല പരിപാടികളെ നല്ല നിർദ്ദേശങ്ങളെ ഇത്തരം ഭൂമാഫിയകൾ സന്തോഷത്തോടുകൂടി കാണുന്ന ഒരു സാഹചര്യമുണ്ടാകാൻ പാടില്ല. അത് ഇവിടെ മാത്രമല്ല നാളെകളിലാണെങ്കിലും ഇത്തരം ചില കാര്യ

ങ്ങളിലൊക്കെ കൃത്യമായ ഒരു ശ്രദ്ധ ഗവൺമെന്റ് എടുക്കുന്ന ഓരോ നടപടികളിലും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തെക്കുറിച്ച് കൂടുതലായി ഒന്നും പറയുന്നില്ല. ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ കൊണ്ടുവന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് 168 വർഷംമുമ്പ് ആരംഭിച്ച സ്ഥാപനമാണ് കോമൺവെൽത്ത് നെയ്ത്ത് ഫാക്ടറി. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ജർമ്മൻ മെഷിനറി മാരാണ് നമ്മുടെ സംസ്ഥാനങ്ങളിൽ ആദ്യമായി വിദ്യാഭ്യാസ-വ്യാവസായിക സ്ഥാപനങ്ങൾ ആരംഭിച്ചത്. അതിന്റെ ഭാഗമായി ആരംഭിച്ച മെഷിനറി സ്ഥാപനം എന്ന നിലയ്ക്ക് ഈ ഫാക്ടറി പുരോഗതിയിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഒന്നാം ലോക മഹായുദ്ധത്തെതുടർന്ന് ബ്രിട്ടീഷ് ആധിപത്യം വന്നത്. അങ്ങനെ ഈ സ്ഥാപനം ബ്രിട്ടന്റെ കയ്യിലായി. പിന്നീട് ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ 1977-ൽ □ഫെറ□ നടപ്പിലാക്കിയതിനെത്തുടർന്നാണ് ഇത്തരമൊരു ട്രസ്റ്റിന്റെ കയ്യിലേയ്ക്ക് ഈ സ്ഥാപനം എത്തിയത്. അന്ന് മലബാർ, തമിഴ്നാടിന്റെ ഭാഗമായിരുന്നു. യഥാർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിച്ചതിനെത്തുടർന്ന് ഇത്തരം ഭൂമികളൊക്കെ ഗവൺമെന്റിന്റെ കയ്യിലേയ്ക്ക് വരേണ്ടതാണ്. അങ്ങനെ ഈ ട്രസ്റ്റ് സ്ഥാപനം കൈവശപ്പെടുത്തി, ട്രസ്റ്റാണ് ഇതിന്റെ നടത്തിപ്പുമായി മുന്നോട്ട് പോയത്. പക്ഷേ ബ്രിട്ടൻ ഈ സ്ഥാപനം കയ്യൊഴിഞ്ഞുപോകുമ്പോൾ അത് വിറ്റ് ലാഭം കൊയ്യണമെന്ന താത്പര്യമെടുക്കാതെ ഒരു പൊതുതാത്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശത്തെ പ്രധാനപ്പെട്ട വ്യക്തികളെയും ബാങ്കിംഗ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ട്രസ്റ്റിന് രൂപം നൽകി നല്ല രീതിയിൽ ഈ സ്ഥാപനം നടത്തിക്കൊണ്ട്, തൊഴിലാളികൾക്ക് ജോലി ലഭിക്കാനും മേൽത്തരം കൈത്തറി ഉത്പ്പന്നങ്ങൾ ഉത്പാദിപ്പിക്കണമെന്നുള്ള ധാരണയാണുണ്ടാക്കിയത്. 1,25,000 ഷെയർ 10 രൂപ എന്നുള്ള രീതിയിൽ തീരുമാനിച്ചുകൊണ്ടാണ് അതിന്റെ പ്രവർത്തനം ആരംഭിച്ചത്. ശ്രീ. ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപോലെ വസ്ത്രങ്ങൾ അവിടെ ഉൽപ്പാദിപ്പിച്ചിരുന്നില്ല. വൈറ്റ് ഹൗസിലേക്കും ബ്രിട്ടീഷ് കൊട്ടാരത്തിലേക്കും രാഷ്ട്രപതി ഭവനിലേക്കും ലോകത്തിന്റെ മറ്റ് വിവിധ മേഖലകളിലും

ഉപയോഗിക്കാൻ കഴിയാവുന്നതരത്തിലുള്ള ഫർണിഷിംഗ് മെറ്റീരിയൽസ്, ബെഡ്ഷീറ്റുകൾ, വിൻഡോ കർട്ടൻ തുടങ്ങിയ ലോകത്തെ മാർക്കറ്റിനെ വെല്ലാൻ കഴിയുന്ന സാധനങ്ങളായിരുന്നു അവിടെ ഉൽപ്പാദിപ്പിച്ചിരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ ഈ സ്ഥാപനത്തിന്റെ നടത്തിപ്പുമായി മുന്നോട്ടുപോകുമ്പോൾ മിസ് മാനേജുമെന്റിന്റെ ഭാഗമായി ലാഭമില്ലായെന്ന് കാണിച്ച് ഈ സ്ഥാപനത്തെ തകർക്കാനുള്ള പരിശ്രമമാണ് ആരംഭിച്ചത്. അങ്ങനെ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ തൊഴിലാളികൾ ഈ സ്ഥാപനത്തെ സംരക്ഷിക്കണമെന്ന മുദ്രാവാക്യം ഉയർത്തികൊണ്ട് പ്രക്ഷോഭണ രംഗത്തേയ്ക്കു വന്നു. അങ്ങനെ 1999 മുതൽ അത്തരമൊരു പരിശ്രമം തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായി. അതിനിടയ്ക്കാണ് ഈ സ്ഥാപനം അടച്ചുപൂട്ടുന്ന നിലയിലേയ്ക്ക് എത്തപ്പെട്ടത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ നേതാവ് സഖാവ് കൃഷ്ണപിള്ള തന്റെ ട്രേഡ് യൂണിയൻ പ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കി മാറ്റികൊണ്ട് ഈ നെയ്ത്തുശാലയുമായി ബന്ധപ്പെട്ടുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. അവിടെയും കേരള സോപ്സിനും തിരുവണ്ണൂർ കോട്ടൺമിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും തന്റെ പ്രവർത്തനം ആരംഭിച്ചു. അങ്ങനെ ആരംഭിച്ച ഈ സ്ഥാപനം തകർച്ചയിലേയ്ക്ക് പോകുമ്പോൾ തീർച്ചയായും ഇവിടെ സൂചിപ്പിച്ചതുപോലെ അവിടത്തെ ജനവികാരം ഈ സ്ഥാപനം നിലനിൽക്കണമെന്നതായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ സ്ഥാപനം പ്രതിസന്ധിയിലേയ്ക്ക് പോകുമ്പോൾ നമ്മൾ തന്നെ ആലോചിച്ചു ഈ സ്ഥാപനം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന തീരുമാനമെടുത്തുകൊണ്ട് ഗവൺമെന്റിന്റെ മുമ്പാകെ നിർദ്ദേശം മുന്നോട്ടു വച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പുമന്ത്രി സഖാവ് എളമരം കരീം നേതൃത്വം കൊടുത്തുകൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ഇപ്പോഴുള്ള ഫാക്ടറി പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട്

ഒരു ഹെറിറ്റേജ് ഇൻഡസ്ട്രിയെന്ന നിലയ്ക്ക് ഈ സ്ഥാപനത്തെ മാറ്റണ മെന്ന ഓർഡിനൻസ് കൊണ്ടുവന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ ഓർഡിനൻസ് തിരിച്ചയച്ച് അടുത്തുവരുന്ന നിയമസഭാതെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്ന് ഈ സ്ഥാപനം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകണമെന്ന നിർദ്ദേശമാണ് വച്ചിരുന്നത്. അതിനൊരു താമസം വന്നുവെന്നത് സഖാവ് ശ്രീ.എ. പ്രദീപ്കുമാർ ഇവിടെ സൂചിപ്പിച്ചതു പോലെ വസ്തുതയാണ്. ജനകീയ പ്രക്ഷോഭം അല്ലെങ്കിൽ തൊഴിലാളികളുടെ സമരം അവിടെ ശക്തമായി മുന്നോട്ടുവന്നു. ആ സമരത്തിന് നേതൃത്വം കൊടുക്കുന്ന ശ്രീ. വി. ഡി. സതീശൻ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ തൊഴിലാളി നേതാവ് എന്ന് നിലയ്ക്ക് അനിശ്ചിത കാല നിരഹാരമാരംഭിച്ചു. ഇവിടെ സബ്മിഷനും കൊണ്ടുവന്നതിന്റെയടിസ്ഥാനത്തിൽ ഇവിടെ ഉറപ്പുനൽകിയിരുന്നു. ആ ഉറപ്പ് പാലിക്കുന്നില്ലായെന്ന സംശയം സ്വാഭാവികമായും ഉണ്ടാകും. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഈ സെഷനിൽ ബിൽ പാസ്സാക്കി ഈ സ്ഥാപനം ഏറ്റെടുക്കുന്ന നടപടി കളുമായി മുന്നോട്ടുപോകുമെന്ന് പറഞ്ഞു. ആ നടപടികളിലേയ്ക്ക് പോകുമെന്നതിൽ അതിയായ സന്തോഷമുണ്ട്. എന്നാൽ ഇതിന് തുടർന്നും നമ്മുടെ സംസ്ഥാന രാഷ്ട്രീയ നേതൃത്വങ്ങളുടെ ശക്തമായ ഇടപെടലുകൾ അനിവാര്യമാണ്. കാരണം ഈ ബിൽ പാസ്സായാലും പ്രസിഡന്റിന്റെ അനുമതി വേണ്ടിവരും. ഇതിന്റെ തുടർച്ചയെന്ന നിലയ്ക്ക് ആ നടപടികൾ കൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം. ഇതൊരു സാമാന്യം നല്ല ബിൽ ആണ്. ബിൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഒന്നുരണ്ട് ചെറിയ പിശകുകളുടെ മിസിംഗ് വന്നിട്ടുണ്ട്. അതിലൊന്നാണ് ഇവിടെ സൂചിപ്പിച്ചത്. രണ്ട് സർവ്വേ നമ്പറിൽ ചെറിയ ഭൂമികൾ വിട്ടുപോയിട്ടുണ്ട്. കാരണം അവ വളരെ ഉള്ളിലുള്ള സ്ഥലമാണ്. ഒന്ന് ഒരു വഴിയാണ് മറ്റൊന്ന് അതിനകത്തുള്ള സ്ഥലമാണ്. അതിൽ ഒന്ന് 11 സെന്റും 3 സെന്റ് സ്ഥലവുമാണ്. 7-8-137 11 സെന്റ്, 7-7-131 3 സെന്റ്. ഈ ബില്ലിരെ പേജ്

22-ൽ മൂന്നാം പട്ടികയിൽ ‘വിറ്റതും ഉപയോഗിക്കാത്തതുമായ വസ്തുക്കളുടെ വിവരണം’ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിൽ ഒരു വ്യക്തത കൈവരാൻ കുറച്ചു കൂടി നല്ലത് നിലവിലുള്ള ഭൂമിയും എന്ന് പറയണം. ആ സ്ഥാപനവും എന്ന് പറയാതെ വിറ്റതും ഉപയോഗിക്കാത്തതുമായ വസ്തുക്കളുടെ വിവരണമെന്ന് പറയുമ്പോൾ ഇപ്പോൾ ഉള്ളതുകൂടി എന്നതിന്റെ ഹെഡ്ഡിംഗിൽ വരേണ്ടതാണെന്ന നിർദ്ദേശം കൂടി അതുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ സൂചിപ്പിക്കുകയാണ്. തീർച്ചയായും ഫാക്ടറി സർക്കാർ ഏറ്റെടുക്കുന്ന സാഹചര്യത്തിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതൊരു മാതൃകയായി സ്വീകരിച്ചുകൊണ്ട്, അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്ഥാപനങ്ങളും അവിടത്തെ തൊഴിലാളികളെയും സംരക്ഷിക്കുക എന്ന സമീപനത്തിന്റെ ഭാഗമായി മുന്നോട്ടുപോകുന്നതിനാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. ഈ ഗവൺമെന്റും അതിന്റെയൊരു തുടർച്ച എന്ന നിലയ്ക്ക് ഈ സ്ഥാപനത്തെ ഈ ബില്ലിലൂടെ ഏറ്റെടുക്കുന്ന നടപടികളോടൂകൂടി അവിടെയുള്ള തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തിക്കൊണ്ട് കോഴിക്കോടിന്റെ കഴിഞ്ഞ കാല പാരമ്പര്യം മാനാഞ്ചിറയുടെ ഹെറിറ്റേജ് ഇൻഡസ്ട്രിയെന്ന നിലയ്ക്ക് അഭിമാനകരമായ രീതിയിൽ വളർത്തിയെടുക്കാൻ കഴിയുന്ന ഒരു സ്ഥാപനം കോഴിക്കോട് ടൗൺ ഹാളും അതിനപ്പുറത്ത് ഈ സ്ഥപനവും വന്ന് നിൽക്കുമ്പോൾ കോഴിക്കോട് നഗരത്തിലെത്തുന്നവർക്ക് കാണാൻ കഴിയുന്ന തരത്തിലേയ്ക്ക് ഇതിനെ മാറ്റിയെടുക്കേണ്ടതുണ്ട്. അതിൽ നേരത്തെ വന്ന ചില നിർദ്ദേശങ്ങൾ എന്ന് പറയുമ്പോൾ ഈ ബില്ലിൽ തന്നെ സൂചിപ്പിച്ചത് ഹെറിറ്റേജ് ഇൻഡസ്ട്രിയെന്ന നിലയ്ക്കാണ്. അതിൽ നിന്ന് പുറകോട്ട് പോകാത്തൊരു സമീപനമായിരിക്കണം ഇതിലുണ്ടാകേണ്ടതെന്ന് സൂചിപ്പിക്കുകയാണ്. തീർച്ചയായും ഈ പ്രശ്നങ്ങൾ ഉയർന്നുവന്നതിന്റെ ഭാഗമായി വളരെ ശക്ത

മായ തൊഴിലാളി സമരങ്ങളിൽ എല്ലാപേരുടേയും പരിപൂർണ്ണമായ പിന്തുണയുണ്ടായിരുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വ്യവസായ വകുപ്പുമന്ത്രിയേയും കണ്ട് സംസാരിച്ചതിന്റെ ഭാഗമായി പലപ്പോഴും തീർച്ചയായും ഈ ബിൽ കൊണ്ടുവരുമെന്ന് ഉറപ്പുനൽകിയിരുന്നു. ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതിൽ ഏറെ സന്തോഷമുണ്ട്. ഭരണപ്രതിപക്ഷഭേദമന്യേ ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ പറഞ്ഞ ഈ വിഷയങ്ങളിലൊന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പരിശോധിക്കുകയും അതിന്റെ map ഉൾപ്പെടെ ഞാൻ ശേഖരിച്ചിട്ടുണ്ട്. അത് വേണമെങ്കിൽ മന്ത്രിക്ക് നൽകാവുന്നതാണ്. ഞാൻ ഇപ്പോൾ തന്നെ നൽകാൻ ശ്രമിക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ ഏതാനും കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. ബില്ലിൽ ചെറിയ പിശകുകളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. കെ. വിജയൻ പറഞ്ഞതുപോലുള്ള കാര്യങ്ങളും അദ്ദേഹം തരുന്ന map വാങ്ങാം. സബ്ജക്ട് കമ്മിറ്റിയിൽ വച്ച് മിസ്റ്റേക്കുകളോ കാര്യങ്ങളോ പോരായ്മളോ ഉണ്ടെങ്കിൽ ചർച്ച ചെയ്ത് മാറ്റം വരുത്തി ക്ലോസ് ബൈ ക്ലോസ് ഡിഷ്ക്കഷനെടുക്കുമ്പോൾ നമുക്ക് നോക്കാം. ഇവിടെ പൊതുവായി പറഞ്ഞ കാര്യങ്ങൾ എല്ലാപേരും സ്വാഗതം ചെയ്തു. മനോഹരമായ ഹെറിറ്റേജാണ്. അതുമാത്രമല്ല ഇതിനെ ഇങ്ങനെ ഏറ്റെടുത്ത് നിലനിറുത്തുന്നതാണ് നല്ലത്. ഇനി എന്തുചെയ്യണം എന്നുള്ളത് ഈ ബില്ലിൽ തന്നെ വ്യവസ്ഥകളുണ്ട്. അവിടെ തൊഴിലാളികൾക്ക് opportunity കൊടുക്കാൻ പറ്റുന്ന തരത്തിൽ പ്രൊഡക്ഷൻ സെന്റർ എന്നൊക്കെ ഈ ബില്ലിൽ പറയുന്നുണ്ട്. അതിന്റെ ഫീസിബിലിറ്റിയും വയബിലിറ്റിയും മറ്റ് കാര്യങ്ങളുമൊക്കെ നോക്കി തീരുമാനമെടുക്കാം. അതുകൊണ്ട് എന്തൊക്കെ വേണം എങ്ങനെയൊക്കെ വേണമെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം. ബിൽ പാസ്സായതിനുശേഷവും ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കാം. ബഹുമാനപ്പെട്ട മെമ്പർമാർ, ശ്രീ. ടി. എൻ. പ്രതാപനും, ശ്രീ. വി.ഡി. സതീശനും, ശ്രീ. എ. പ്രദീപ്കുമാറും, ശ്രീ. ഇ.കെ. വിജയനും ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളുംപറഞ്ഞ ഒരു കാര്യം ഏറ്റെടുക്കൽ തന്നെയാണ്. കേരളത്തിൽ ഇപ്പോൾ എവിടെയും വ്യവസായം എന്നൊരു നയമില്ല. കാരണം എന്താണെന്നുവച്ചാൽ ഏറ്റവും വലിയൊരു കോർ കോമ്പീറ്റൻസി എന്നുപറയുന്നത് നമ്മുടെ പച്ചപ്പും പ്രകൃതിയും നീർത്തടവും തണ്ണീർത്തടവുമൊക്കെയാണ്. എല്ലാപേർക്കും അറിയാവുന്ന വിഷയങ്ങളാണ്. അതുകൊണ്ട് ഹെറിറ്റേജും തണ്ണീർത്തടവും വയലുകളും പ്രൊട്ടക്ട് ചെയ്യണം അവിടെയൊക്കെ പോയി ഫിൽ ചെയ്ത് ആർക്കും വേണ്ടാത്ത

കൊമേഴ്സ്യൽ ആക്ടിവിറ്റി തുടങ്ങണമെന്നുള്ള വാദഗതി ആർക്കുമില്ല. അത്തരം ഭൂമികൾ വെറുതെ നശിപ്പിക്കാതെ കോർ കോമ്പീറ്റൻസി......ഇതു കളഞ്ഞിട്ട് പിന്നെ ഇവിടെ എന്തു ടൂറിസമാണുള്ളത്. നമ്മുടെ ഇക്കണോമിക് വളർച്ചയ്ക്ക് ആവശ്യമായ തരത്തിൽ ഒരു പ്ലാനിംഗ് ഈ കാര്യത്തിൽ വേണം. കൊമേഴ്സ്യൽ ആക്ടിവിറ്റി ഒട്ടും ഇല്ലാതിരിക്കാൻ പറ്റില്ല. തരിശ്ശായ ഭൂമിയാണെങ്കിൽ തരിശ്ശായ ഭൂമി. അല്ലെങ്കിൽ വേസ്റ്റ് ലാന്റ് അതും നമുക്കുപയോഗിക്കാം. അത് നമുക്കെല്ലാപേർക്കും കൂടി കൺസൻസ് ഉണ്ടാക്കി ആലോചിക്കാമെന്നുള്ള അപ്രോച്ച് തന്നെയാണ് വ്യവസായ വകുപ്പിനുള്ളത്. ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയുന്നത്, നമ്മുടെ ഏറ്റവും വലിയ അടിസ്ഥാനപരമായ ശക്തിയെന്ന് പറയുന്നത് നമ്മുടെ പ്രകൃതി സമ്പത്ത് തന്നെയാണ്. അതിനെ സംരക്ഷിക്കാത്ത യാതൊരു വ്യവസായവത്ക്കരണവും നമുക്ക് വേണ്ട എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് തന്നെ ഇത്തരത്തിൽ ഏറ്റെടുക്കൽ എന്നുപറഞ്ഞാൽ എല്ലായിടത്തും പോയി ഏറ്റെടുക്കാൻ കഴിയില്ല. ഇവിടെ ഏറ്റെടുക്കൽ ന്യായമാണ്. ന്യായമായതൊക്കെ ഗവൺമെന്റ് ഏറ്റെടുക്കുകയും പബ്ലിക് പ്രോപ്പർട്ടി. ആക്കുകയും വേണം. ഇത് ഹെറിറ്റേജ് വാല്യൂ ഉള്ളതാണ് തൊഴിലാളികളെ സംരക്ഷിക്കേണ്ടതാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ ഭൂമി അന്യാധീനപ്പെട്ടുപോകുന്നു. ശ്രീ. വി.ഡി. സതീശൻ പറഞ്ഞതുപോലെ നിശ്ചയിച്ച ആവശ്യത്തിന് അക്വയർചെയ്ത ഭൂമി വ്യവസായത്തിന് ഉപയോഗിക്കുന്നില്ല. അത് തീർച്ചയായും ഇടപെടേണ്ടൊരു രംഗമാണ്. തോന്നിയതുപോലെ അതിനെ മിസ് യൂസ് ചെയ്യാൻ നമ്മൾ എന്തിന് അനുവദിക്കുന്നത്? അതുകൊണ്ട് ആ ഒരു അപ്രോച്ചിനോട് പൂർണ്ണമായും യോജിപ്പാണ് എനിക്കുള്ളത് എന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതിയും ശ്രീ. എ. പ്രദീപ് കുമാർ  അവതരിപ്പിച്ച ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച നാലാം സബ്ജക്ട് കമ്മിറ്റിയ്ക്ക് പരിഗണനയ്ക്കയക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 24-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.28-ന് പിരിഞ്ഞു.)

* * * * * * * * * * * * * * *